(സി) പ്രസ്തുത നടപടി കോർപ്പറേഷന്റെ വില്പനയെ സാരമായി ബാധിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

36 (2184) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ സ്ഥിരമായി ഡയറക്ടറെ നിയമിക്കാത്തതെന്തുകൊണ്ടാണ്;

(ബി) മുൻ ഡയറക്ടർമാരിൽ ആർക്കെങ്കിലും എതിരെ വിജിലൻസ് അല്ലെങ്കിൽ പോലീസ് അന്വേഷണം നടക്കുന്നുണ്ടോ; അന്വേഷണം ആരംഭിച്ചത് എന്നാണെന്നും ആർക്കെല്ലാമെതിരെയാണെന്നും അറിയിക്കുമോ;

(സി) ആരാണ് അന്വേഷണം നടത്തുന്നത്; എന്തൊക്കെയാണ് കുറ്റാരോപണങ്ങൾ വിശദമാക്കുമോ;

(ഡി) ഇവർക്കാർക്കെങ്കിലും പെൻഷൻ നിഷേധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്ക് എന്ന് വെളിപ്പെടുത്തുമോ;

(ഇ) മൈനിംഗ് ലീസ് പര്യവേഷണം എന്നീ വിഭാഗങ്ങളിൽ എത്ര വിഭാഗത്തിൽ സേവനം അനുഷ്ഠിക്കുന്നു; മൈനിംഗ് ലീസ് വിഭാഗത്തിൽ തുടർച്ചയായി എത്ര ജീവനക്കാർ സേവനം നടത്തുന്നുണ്ട്; പര്യവേഷണ വിഭാഗത്തിൽ സേവനം അനുഷ്ഠിക്കാൻ ജീവനക്കാർ വിമുഖതകാട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(എഫ്) 1996-ൽ പ്രസ്തുത വകുപ്പിൽനിന്നും ആരൊക്കെ വിദേശത്ത് പോയി, എവിടെയെല്ലാമാണ് പോയത്; എന്ത് തുക ചെലവായി; ആരാണ് ചെലവ് വഹിച്ചത്, എന്തിനാണ് പോയത് എന്നും വിശദമാക്കുമോ?

ഉത്തരം

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ അഡീഷണൽ ഡയറക്ടർ ഡയറക്ടറുടെ ചുമതല കൂടി വഹിച്ചുവരുന്നു. നിലവിലുള്ള സ്പെഷ്യൽ റൂൾസ് അനുസരിച്ച് നിർദ്ദിഷ്ട സർവ്വീസ് യോഗ്യതകൾ ഉള്ളവരുടെ അഭാവം മൂലമാണ് ഡയറക്ടറുടെ നിയമനം നടക്കാത്തത്.

(ബി)&(സി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ മുൻ ഡയറക്ടറായ ശ്രീ. പി.സി. ജോർജ്ജിനെതിരായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തിയിരുന്നു. 1997 ലാണ് അന്വേഷണം ആരംഭിച്ചത്.

ശ്രീ. ജോർജിനെതിരെയും സീനിയർ ജിയോളജിസ്റ്റ് ശ്രീ. ജോൺ സാമുവലിനെതിരെയും (ഇപ്പോൾ ഡെപ്യൂട്ടി ഡയറക്ടർ) ആയിരുന്നു അന്വേഷണം. രാജസ്ഥാനിലെ റോക്ക് ഡ്രിൽ കമ്പനിയിൽനിന്നും കോർഡ്രിൽ, വാട്ടർ പമ്പ് എന്നിവ വാങ്ങിയതിലും പൈപ്പ് റേഞ്ച്, കൽക്കട്ടാ റെഫ്രിജറേറ്റേഴ്സ് എന്ന കമ്പനിയിൽനിന്നും ഡ്രില്ലിംഗിന് വേണ്ട ഉപകരണങ്ങളായ റോഡുകൾ, ഡയമണ്ട് ബിറ്റുകൾ എന്നിവ വാങ്ങിയതിലും, അറ്റോമിക്

LIBRARY ARCHIVES Kerala Legislative Assembly

അബ്സോർബ്ഷൻ സ്പെട്രോമീറ്റർ വാങ്ങിയതിലും ഉള്ള അഴിമതികൾ 1994-ൽ ഓഫീസിൽ ഹാജരാകാത്ത ദിവസങ്ങളിൽ ശമ്പളം വാങ്ങിയെന്നും അസിസ്റ്റന്റ് ജിയോളജിസ്റ്റുമാരുടെ നിയമനങ്ങളിലും, മൈനിംഗ് ലീസ് നൽകുന്നതിലും മുന്നാറിലെ ടാറ്റാ ടീ കംപനിക്ക് അവരുടെ സ്ഥലത്തുനിന്നും നിയമാനുസരണമുള്ള പെർമിറ്റില്ലാതെ പാറ പൊട്ടിച്ചതിന് റോയൽറ്റി, പിഴ എന്നീ ഇനങ്ങളിൽ നിർണ്ണയിച്ച തുകയിൽ കുറവ് വരുത്തിയതിലും മൈനിംഗ് ലീസുകൾ നൽകിയതിലും ഉള്ള ക്രമക്കേടുകൾ എന്നിവയാണ് കുറ്റാരോപണങ്ങൾ. ഇതിൽ ടാറ്റാ ടീ കമ്പനിയെ സംബന്ധിച്ച ആരോപണം മാത്രമേ ഭാഗികമായി തെളിഞ്ഞിട്ടുള്ളൂ. ഇക്കാര്യം വിജിലൻസിന്റെ ശുപാർശ പ്രകാരം സർക്കാർ പുന:പരിശോധന നടത്തുകയാണ്.

(ഡി) പെൻഷൻ നിഷേധിച്ചിട്ടില്ല. ശ്രീ. പി.സി. ജോർജിന് 5400/- രൂപ (പെൻഷൻ തുകയുടെ 75%) വിജിലൻസ് റിപ്പോർട്ടിൻമേലെടുക്കുന്ന തീരുമാനത്തിനുവിധേയമായി താല്ക്കാലിക പെൻഷനായി അനുവദിച്ചിട്ടുണ്ട്.

(ഇ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ വിവിധ വിഭാഗങ്ങളിലായി 269 ജീവനക്കാർ ഉണ്ട്. ഡയറക്ടറേറ്റിലും വിവിധ ജില്ലാ ഓഫീസുകളിലുമായി 66 ജീവനക്കാർ മുന്ന് കൊല്ലത്തിലധികമായി മൈനിംഗ് ലീസ് വിഭാഗത്തിൽ സേവനം അനുഷ്ഠിക്കുന്നു. ജീവനക്കാർ ഒരു പ്രത്യേക വിഭാഗത്തിൽ സേവനം അനുഷ്ഠിക്കണമെന്ന് താല്പര്യം കാണിക്കാറില്ല.

(എഫ്) 1996 നവംബർ-ഡിസംബർ മാസങ്ങളിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ അന്നത്തെ ഡയറക്ടർ ആയിരുന്ന ശ്രീ. പി.സി. ജോർജും സീനിയർ ജിയോളജിസ്റ്റ് ശ്രീ.എൻ. കൃഷ്ണകുമാറും നിലമ്പൂരിലെ പ്ലേസർ ഗോൾഡ് ഇൻവെസ്റ്റിഗേഷൻ സംബന്ധിച്ച അന്തിമ റിപ്പോർട്ട് തീർപ്പാക്കുവാൻ ഫ്രഞ്ച് സർക്കാർ സ്ഥാപനമായ ബി.ആർ.ജി.എം. ന്റെ ക്ഷണപ്രകാരം ഫ്രാൻസ് സന്ദർശിച്ചിരുന്നു. ഇതിന്റെ എല്ലാ ചെലവുകളും ബി.ആർ.ജി.എം. ആണ് വഹിച്ചത്.

37 (2185) ധാതുക്കളെക്കുറിച്ചുള്ള പഠനം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് സംസ്ഥാനത്തെ ധാതുക്കളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ?

(ബി) എങ്കിൽ വിശദാശം വെളിപ്പെടുത്തുമോ;

(സി) ഈ വകുപ്പിലെ പര്യവേഷണം ഫലപ്രദമാകുന്നില്ല എന്ന ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ആരോപണം ഇല്ലാതാക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു;

(ഡി) അലങ്കാരവിതാനശിലക്ക് 1991 മുതൽ എന്തു റോയൽറ്റി ലഭിച്ചു, ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; എത്ര ക്യൂബിക്ക് മീറ്ററിനാണ് പെർമിറ്റ് നൽകിയത്; വിശദമാക്കുമോ;

(ഇ) ഇതിന് ഇപ്പോഴുള്ള റോയൽറ്റി നിരക്ക് കുറയ്ക്കാൻ ഉദ്ദേശ്യമുണ്ടോ; വിശദാശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly